(ഇ) ഈ യൂണിറ്റിലെ ഡോക്ടർമാരുടെ സേവനം രോഗികൾക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇക്കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ട്.

(ബി) ഇല്ല.

(സി ആന്റ് ഡി) ഈ യൂണിറ്റിലെ ഡോക്ടർമാരുടെ ജോലി സമയം രാവിലെ എട്ടു മണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെയായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഇ ആന്റ് എഫ്) ഈ യൂണിറ്റിൽനിന്നും രോഗികൾക്ക് സേവനം ലഭിക്കുന്നുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിക്കുള്ള ഫണ്ടിന്റെ ലഭ്യത

156 [161] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനാവശ്യമായ പണികൾ പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഫണ്ട് അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഫണ്ട് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കോൺട്രാക്ടർമാരുടെ ബില്ലുകൾ പ്രയോറിട്ടി അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്.

(ബി) ബാധകമല്ല.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ

157 [162] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുളങ്കുന്നത്തുകാവിൽ മെഡിക്കൽ കോളേജ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) ടി ആശുപത്രി എന്നത്തേക്ക് മാറ്റുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടികൾ ഏകദേശം പൂർത്തിയായിവരുന്നു.

(ബി) എയർ കണ്ടീഷനിംഗ് ജോലിയും മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈനിന്റെ ജോലിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. കൂടാതെ ആവശ്യത്തിനുള്ള വാട്ടർ സപ്ലൈയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) ഇതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2005 വർഷം അവസാനം ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുവാൻ സാധിക്കുമെന്ന് കരുതുന്നു.

അംബേദ്കർ ഭവന്റെ പ്രവർത്തനം

158 [163] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന അംബേദ്കർ ഭവൻ യാഥാർത്ഥ്യമാക്കുന്നതിലേക്ക് ഇതേവരെ എന്തെല്ലാം ഭരണനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അംബേദ്കർ സ്മരണയെ ശാശ്വതമാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(സി) മണ്ണന്തലയിലെ നിർദ്ദിഷ്ട അംബേദ്കർ ഭവന്റെ പ്രവർത്തനം എന്നേയ്ക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് മണ്ണന്തലയിൽ 10 ഏക്കർ സ്ഥലം അംബേദ്കർ ഭവനം സ്ഥാപിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ഇവിടെ അംബേദ്കർ ഭവൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. നടപ്പുവർഷത്തെ ബഡ്ജറ്റിൽ നിന്ന് ഇതിനായി 500 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകുന്നതിന് ചീഫ് എഞ്ചിനീയർക്ക് (ബി & ആർ) നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly